# ഭൗതിക സൗകര്യങ്ങൾ നല്കൽ

ഒരു പുതിയ സഭാ മന്ദിരം പണിയുന്നത് തികച്ചും നല്ലൊരു അനുഗ്രഹമായി തീരാനുള്ള സാധ്യത ആകാം, അല്ലെങ്കിൽ അതു ഇടവകയെ സംബന്ധിച്ച് ഭിന്നിപ്പിക്കുന്ന ഒരു പ്രശ്നവുമായേക്കാം. അതിനുവേണ്ടി പണം മുടക്കുന്നതു ഒരു സാമ്പത്തിക വെല്ലുവിളി തന്നെയാണ്. അതിനുവേണ്ടി ധാരാളം സമയവും, പണവും, ശ്രദ്ധയും ചെലവഴിക്കുമ്പോൾ ഇടവകയുടെ മുഖ്യ ദൗത്യമായ നഷ്ടപ്പെട്ടവരെ തിരഞ്ഞു രക്ഷിക്കുവാൻ കുറച്ചു സമയമേ ബാക്കി കിട്ടുകയുള്ളു. അതിലുപരി, സഭാ മന്ദിരം എങ്ങനെ ഉപയോഗിക്കണം എന്നതിനെ സംബന്ധിച്ചു പലപ്പോഴും വിവാദങ്ങൾ ഉയരും. ഈ വസ്തുതകൾ സൂചിപ്പിക്കുന്നത് സഭാ മന്ദിരത്തെകുറിച്ച് ഉയരുവാൻ സാധ്യതയുള്ള ധാരാളം ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സഭാദ്ധ്യക്ഷന്മാർ ഒരുങ്ങിയിരിക്കണം എന്നാണ്.

**"സഭയ്ക്കു സ്വന്തമായി കെട്ടിടം വേണോ?"**

ഈ ഒരു ചോദ്യം ഒരു പക്ഷെ ചോദിക്കയില്ലായിരിക്കാം, എന്നാൽ ചോദിക്കേണ്ടത് എന്തെന്നാൽ, സഭയ്ക്കു സ്വന്തമായി കെട്ടിടം വേണോ വേണ്ടയോ എന്നതാണ്. പ്രസ്താവനകൾ അതിനു അനുകൂലമായും പ്രതികൂലമായും അവതരിപ്പിക്കാം.

**സ്വന്തമായി കെട്ടിടം ഉണ്ടായാലുള്ള അസൗകര്യം**

ഒരുവശത്ത്, ഒരു ഇടവക സഭാമന്ദിരത്തിനുവേണ്ടി പണവും സമയവും ചെലവഴിക്കരുതെന്നതിനു ചില നല്ല കാരണങ്ങൾ ഉണ്ട്. ഈ കാരണങ്ങളിൽ നാലെണ്ണം നമുക്കു പരിഗണിക്കാം.

1. *സഭാ മന്ദിരങ്ങൾ ആവശ്യമില്ല.* ഓരോ ഇടവകയും അവരുടേതായ സ്വന്തം കെട്ടിടം പണിയുവാനും അതിന്റെ അറ്റകുറ്റപണികൾ നടത്തുവാനും ബൈബിൾ ആവശ്യപ്പെടുന്നില്ല. പുതിയ നിയമ കാലയളവിൽ, ഇടവകകൾ കൂടി വന്നിരുന്നതു വിവിധ സ്ഥലങ്ങളിൽ ആയിരുന്നു,

അതിൽ അംഗങ്ങളുടെ ഭവനങ്ങളും വാടകക്കു കിട്ടുന്ന അല്ലെങ്കിൽ കടമായി ലഭിക്കുന്ന സൗകര്യങ്ങളും ഉൾപ്പെടുന്നു. സഭയ്ക്കു കെട്ടിട ങ്ങൾ നിലനിന്നിരുന്നതിന്റെ ആദ്യ തെളിവു കാണിക്കുന്നത് നാലാം നൂറ്റാണ്ടിലാണ്.[1]

2. *കെട്ടിടങ്ങൾക്കു ധാരാളം പണവും സമയവും ചെലവിടണം.* ഇടവകയുടെ പണവും, സമയവും, ശ്രദ്ധയും ധാരാളം അടിക്കടി സഭാ മന്ദിരങ്ങൾ കവർന്നെടുക്കും. ധാരാളം സമയം ബിസിനസ് മീറ്റിങ്ങു കൾക്കും മൂപ്പന്മാരുടെ ചർച്ചകൾക്കും വേണ്ടി ഉപയോഗിക്കപ്പെടുന്നത് സഭാ മന്ദിരങ്ങളെ സംബന്ധിക്കുന്ന വിഷയങ്ങളെ കുറിച്ചും സൗകര്യ ങ്ങൾ നിലനിർത്തേണ്ടതിന് കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്ക് എത്ര സമയവും പണവും (ബഡ്ജറ്റിന്റെ ഒരു ശതമാനം) ചെലവിടേണ്ടിവരും എന്നതിനെ കുറിച്ചും ചർച്ച ചെയ്യുന്നതിലാണ്. സഭ അത്രയും ശ്രദ്ധയും, പണവും, സമയവും ആത്മാക്കളുടെ രക്ഷക്കു വേണ്ടിയും ചെലവി ട്ടാൽ – സ്വദേശത്തും വിദേശത്തും – കൂടുതൽ ആത്മാക്കൾ രക്ഷിക്ക പ്പെടും. അതിലുപരി, സഭാ മന്ദിരത്തിന്റെ വില വർദ്ധിച്ചുകൊണ്ടേയി രിക്കും. ഒരു സഭ വളരുമ്പോൾ, അത് ഒരു കെട്ടിടം പണിയും, കുറെ കഴിയുമ്പോൾ അതിന് വലിയ കെട്ടിടം വേണ്ടി വരും, കുറെ കഴിയു മ്പോൾ അതിലും വലുതു പണിയേണ്ടിവരും. ഈ സമയത്ത്, അതിന്റെ ബഡ്ജറ്റിന്റെ നല്ലൊരു ശതമാനം കെട്ടിടത്തിനുവേണ്ടി ചെലവിടുകയും, അതു തുടർന്നു കൊണ്ടുമിരിക്കുന്നു. അതുകൊണ്ട് ചിലപ്പോൾ ഒരു ഇടവകക്ക് അതിന്റെ ആവശ്യങ്ങൾക്ക് പണം ഇല്ലാത്ത അവസ്ഥയു ണ്ടാകും, ഉദാഹരണമായി, മിഷൻ പ്രവർത്തനങ്ങൾ നടത്തുവാൻ.

3. *ഉടമസ്ഥാവകാശം മാത്രം പോരാ.* ചുരുങ്ങിയതു ഒരു കാര്യത്തിൽ, സഭാ മന്ദിരങ്ങൾ സമയം അല്ലെങ്കിൽ പണം ഫലപ്രദമായി ഉപയോഗി ക്കുന്നതായി കാണുന്നില്ല. മിക്ക സഭാ മന്ദിരങ്ങളുടെയും പ്രധാന ഭാഗങ്ങളായ – ആഡിറ്റോറിയവും ക്ലാസ് റൂമുകളും – ആഴ്ച്ചയിൽ ഏതാനും മണിക്കൂറുകൾ മാത്രമാണ് പലപ്പോഴും ഉപയോഗിക്കുന്നത്. അത്തരം ചുരുങ്ങിയ ഉപയോഗമുള്ള ഒരു കാര്യത്തിന് ഒരു വലിയ കെട്ടിടം പണിയേണ്ടതുണ്ടോ?

4. *വളർച്ചക്കു സഭാ മന്ദിരങ്ങൾ ആവശ്യമില്ല.* ചില ഇടവകകൾ സഭാ മന്ദിരങ്ങൾ സ്വന്തമാക്കാതെ തന്നെ വളർന്നിട്ടുണ്ട്.

### കെട്ടിടം സ്വന്തമായി ഉണ്ടാക്കുന്നതിലെ സൗകര്യം

നേരെ മറിച്ചു, ഒരു ഇടവകക്ക് സ്വന്തമായി സഭാ മന്ദിരം ഉണ്ടാകുന്ന തിൽ നല്ല കാരണങ്ങളും നല്കാം.

1. *സഭാ മന്ദിരങ്ങൾ പതിവുള്ളതാണ്.* ചില സമൂഹങ്ങളിൽ, നമ്മുടെ കാലയളവിൽ, വളരെ കുറച്ചു സഭകൾ അല്ലെങ്കിൽ മതപരമായ സംഘ ടനകൾ അവരുടേതായ കെട്ടിടങ്ങൾ ഇല്ലാതെ നില നില്ക്കുന്നുണ്ട്. വള രുന്ന സഭക്കും വളരാ – ത്ത സഭക്കും, ഒരു നിയമമായി, കെട്ടിടങ്ങൾ ഉണ്ട്.

2. *കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കാം.* കെട്ടിടങ്ങൾ പണി യുമ്പോൾ, സഭയുടെ ലക്ഷ്യങ്ങളുമായി ബന്ധമുള്ള ഉദ്ദേശങ്ങൾക്കായി

ആഴ്ച്ചയിൽ ഏതാനും മണിക്കൂർ മാത്രം ഉപയോഗിക്കാതെ, അതിലും കൂടുതൽ സമയം ഫലപ്രദമായി ഉപയോഗിച്ചാൽ, ഫലപ്രാപ്തിയില്ലാത്തതിന്റെ അടിസ്ഥാനത്തിൽ, കെട്ടിടങ്ങൾക്കെതിരായി ഉയരുന്ന തടസ്സങ്ങൾ ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിക്കും.

3. *താലന്തുകൾ ഉപയോഗിക്കുവാനുള്ള അവസരങ്ങൾ സ്വന്തമായി കെട്ടിടം ഉണ്ടെങ്കിൽ ലഭിക്കുന്നു.* കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി സഭാംഗങ്ങൾ ചിലവഴിക്കുന്ന സമയം (ഉദാഹരണത്തിനു, പ്രത്യേക പട്ടികപ്രകാരമുള്ള ജോലി ദിവസങ്ങൾ) സുവിശേഷീകരണ ഉദ്ദേശങ്ങൾ കൂടുതൽ ലക്ഷ്യമിട്ട് അതിനായി ഉപയോഗിക്കണമെന്നില്ല. കെട്ടിട നിർമ്മാണ ജോലി ചെയ്യുവാൻ കഴിവുള്ളവരാണവർ എന്ന് പല ക്രിസ്ത്യാനികളും വിശ്വസിക്കുന്നു – അതായതു അവർക്കു ആശാരിപ്പണി, പൈപ്പിന്റെ പണി, വയറിങ്ങ്, തുടങ്ങിയ കഴിവുകൾ ഉണ്ട് – പക്ഷെ അവർക്കു സുവിശേഷ വേല ചെയ്യുവാൻ സാധ്യമല്ല.

ഉത്തരം കണ്ടെത്തിയതിനുശേഷമാണ് സാധാരണ സഭാ മന്ദിരം വേണോ വേണ്ടയോ എന്ന ചോദ്യം ചോദിക്കുന്നത്. സ്വന്തമായ കെട്ടിടമോ അല്ലെങ്കിൽ വാടകകെട്ടിടമോ ഇല്ലാത്ത ഒരു ഇടവകയെ കുറിച്ച് അംഗങ്ങൾക്കു സങ്കല്പിക്കാൻ കഴിയുകയില്ല.

## "സഭ പണിയണോ? എവിടെ? എങ്ങനെ അതിനു പണം കൊടുക്കും?"

സഭാ മന്ദിരം മതിയാകാതെ വരുമ്പോൾ മറ്റു ചോദ്യങ്ങൾ ഉയരും. ആ സമയത്ത്, കെട്ടിടം പണിയണോ വേണ്ടയോ എന്നും, എവിടെ അതു പണിയണം എന്നും, എങ്ങനെ പണം കണ്ടെത്തും എന്നെല്ലാം സഭാദ്ധ്യക്ഷന്മാർ തീരുമാനിക്കണം.

### "നാം പണിയണോ?"

*അടുത്തകാലത്തുള്ള ചരിത്രം നമ്മോടു പറയുന്നതെന്താണ്?* 1960–കളിൽ സാഹോദര്യത്തിൽ "വിദഗ്ദ്ധർ" വളരുന്ന സഭകളെ ഉപദേശിച്ചിട്ടുള്ളത് അവരുടെ പഴയ കെട്ടിടത്തിൽ 80 ശതമാനം ആളുകളുടെ വർദ്ധനവുണ്ടാകുമ്പോൾ പുതിയ കെട്ടിടങ്ങൾ പണിയുവാനാണ്. ഇതുപോലെയുള്ള പ്രസ്താവനകളാണ് നടത്തിയിട്ടുള്ളത്: "പുതിയ കെട്ടിടം പണിയുക. കെട്ടിടത്തിനുവേണ്ടി പണം കടമെടുക്കുന്നതിനെ കുറിച്ചു വിഷമിക്കരുത്. പുതിയ കെട്ടിടം പണിയുന്നതുകൊണ്ടു വരുവാനിരിക്കുന്ന ആളുകൾ അതു കൊടുത്തുകൊള്ളും!"

പലയിടത്തും, അവരുടെ നിർദ്ദേശം ആളുകൾ പിൻപറ്റി, എന്നാൽ വിചാരിച്ച ഫലം ഉണ്ടായില്ല. പലപ്പോഴും സംഭവിച്ചത് ഇതാണ്: ഒരു ഇടവകയുടെ ആഡിറ്റോറിയത്തിൽ ഇരുന്നൂറു അംഗങ്ങളെ ഇരുത്താൻ സൗകര്യമുള്ളതും കൂടാതെ അതിലെ ശരാശരി ഹാജർ 170–ഉം ആണെങ്കിൽ ആ ഇടവക 500 പേർക്കിരിക്കാവുന്ന ഒരു ആഡിറ്റോറിയം പണിയേണ്ടതുണ്ട്. അങ്ങനെയാകുമ്പോൾ പുതിയ കെട്ടിടം പണിതാൽ പുതിയ അംഗങ്ങൾ വർദ്ധിക്കുമെന്ന വാഗ്ദാനം നിറവേറിയില്ല. തൽഫലമായി, പത്തുവർഷങ്ങൾക്കുശേഷം 500 പേർക്കിരിക്കാവുന്ന ആഡിറ്റോറിയ

ത്തിൽ, അവർ കൊടുത്തു തീർക്കേണ്ട കടം തീർക്കുവാൻ പ്രയാസപ്പെടുന്നതുകൊണ്ടും വിജയിക്കുവാനുള്ള സാധ്യത കുറവാണെന്ന് അവർക്ക് വ്യക്തമായതു കൊണ്ടുള്ള നിരാശയാലും, 200 പേർ മാത്രം കൂടി വരുന്നു.

1960-കളിൽ സഭ വളരുന്നതായി കണ്ടതുകൊണ്ടും, കൂടാതെ "സഭാമന്ദിര കമ്പം," കടന്നുവന്നതുകൊണ്ടും അമേരിക്ക മുഴുവനുമുള്ള പട്ടണങ്ങളിലെ 600 മുതൽ 900 പേർക്ക് ഇരിക്കാവുന്ന ആഡിറ്റോറിയങ്ങളിൽ 150 മുതൽ 300 വരെ അംഗങ്ങളാണ് ഇപ്പോൾ കൂടി വരുന്നത്.[2] ഈ വസ്തുതയുടെ അനന്തരഫലങ്ങൾക്കു രണ്ടുവശമുണ്ട്: (1) *സഭകൾ കടഭാരത്താൽ ഞെരുങ്ങുന്നു. ക്രിസ്റ്റ്യൻ ക്രോണിക്കിൾ* എന്ന മാസികയിൽ തുടർച്ചയായി പല സഭകളും നേരിടുന്ന കടത്തെ സംബന്ധിച്ചുള്ള ലേഖനങ്ങൾ[3] പ്രസിദ്ധീകരിച്ചിട്ടുണ്ട് - ഈ കടങ്ങൾ ഉണ്ടായതിനുള്ള കാരണം സഭ വളരുമ്പോൾ കൂടി വരുന്നതിനു കെട്ടിടങ്ങൾ പണിയണമെന്നുള്ള ബുദ്ധിരഹിതമായ തീരുമാനങ്ങളായിരുന്നു. (2) *ഇടവകകൾ അഭിമുഖീകരിക്കുന്നത് നിരാശയാണ്.* ഞായറാഴ്ച്ച ആരാധനക്കു ആഡിറ്റോറിയത്തിന്റെ നാലിൽ - ഒരു ഭാഗം മാത്രം സീറ്റുകൾ നിറഞ്ഞിരിക്കുന്നതും അടവുകൾ കൃത്യമായി അടക്കാൻ വേണ്ടി സുവിശേഷ പ്രോഗ്രാമുകൾ വേണ്ടെന്നു വയ്ക്കുന്നതും അംഗങ്ങളെ മാനസികമായി വളരെയധികം നിരാശപ്പെടുത്തുന്നു, എന്നാൽ ഒരുപക്ഷെ അതു സഭയിൽ മറ്റു പല പ്രശ്നങ്ങൾക്കും കാരണമായേക്കാം.

കാര്യങ്ങൾ ശരിയായി നടക്കുവാൻ, മുൻ കാഴ്ച്ചയേക്കാൾ നല്ലതു എപ്പോഴും പിൻകാഴ്ച്ചയാണ്. 1970-നു മുമ്പുണ്ടായ സഭയുടെ വളർച്ചക്കു കാരണം "ബേബി ബൂം" ആണെന്നും അതിനെ തുടർന്നു വരുന്ന ജനസംഖ്യാപരമായ വസ്തുതകൾ സഭാവളർച്ചയെ ബാധിച്ചേക്കാം എന്നും കാണുന്നത് അസാധ്യമായിരിക്കാം. സ്കൂളുകൾക്കായി കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാക്കിയ ബോർഡും പിന്നീടു കുട്ടികളുടെ അഭാവം മൂലം കെട്ടിടങ്ങൾ വില്ക്കുവാൻ തുടങ്ങിയതു ഓർമ്മിക്കുന്നതു ആശ്വാസമേകും. സ്കൂളിന്റെ അധികാരികൾക്കു ഭാവി കാണുവാൻ കഴിഞ്ഞില്ലെങ്കിൽ, പിന്നെ മൂപ്പന്മാരിൽ നിന്നു നാം അതു പ്രതീക്ഷിക്കുന്നതെന്തിനു? വലിയ വ്യാപാര സ്ഥാപനങ്ങൾ - അവർ മിക്ക സഭകൾക്കും ലഭ്യമല്ലാത്ത പരിഷ്കൃത പ്രവൃത്തികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നുണ്ടെങ്കിലും, ഇപ്പോഴും തെറ്റായ തീരുമാനങ്ങൾ എടുക്കുന്നുണ്ട്.[4]

*നമുക്കു എങ്ങനെ തീരുമാനം എടുക്കാം?* പുതിയ കെട്ടിടം പണിയുന്നതിനെ കുറിച്ചു എന്തു പറയുവാൻ കഴിയും? എല്ലാത്തിനും പുറമെ, സഭ എടുക്കുന്നതിൽ വെച്ചു ഏറ്റവും വലിയ തീരുമാനമാണ് (അംഗങ്ങളുടെ മനസ്സിൽ) കെട്ടിടം പണിയുവാൻ തീരുമാനിക്കുന്നത് എന്നു സഭാദ്ധ്യക്ഷന്മാർ മനസ്സിലാക്കണം. അതുകൊണ്ടു, അവർ, കെട്ടിടം പണിയണോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനു മുൻപ്, അതു ദീർഘസമയം എടുത്തു, അംഗങ്ങളോടു ചർച്ച ചെയ്യുകയും, അവരുടെ അഭിപ്രായങ്ങൾ ആരായുകയും സ്വീകരിക്കയും വേണം, കൂടാതെ അംഗങ്ങളെ ഒരു അഭിപ്രായ യോജിപ്പിൽ കൊണ്ടുവരുന്നതിന് ശ്രമിക്കുകയും

വേണം.

അതിലുപരി, കെട്ടിടം പണിയണോ വേണ്ടയോ എന്നു സഭ തീരുമാനിക്കുന്നതിനു മുൻപു പല ചോദ്യങ്ങളും ചോദിക്കേണ്ടതായിട്ടുണ്ട്.

*"എന്തിനാണ് നമുക്കു ഒരു പുതിയ കെട്ടിടം?"* കഴിഞ്ഞ കാലത്ത്, പുതിയ കെട്ടിടം നിർമ്മിക്കണമെന്ന തീരുമാനത്തിന് ഇടവകയുടെ അഭിമാനവുമായോ അല്ലെങ്കിൽ ഉപദേഷ്ടാവിന്റെ അഹന്തയുമായോ ബന്ധമുള്ളതുകൊണ്ടാകാം അത് ഒരാളുടെ ഒഴിച്ചുകൂടാനാവാത്ത ആവശ്യം പോലെയായിരുന്നു. ഒരു പുതിയ കെട്ടിടം എന്ന ആശയം ചിന്തിക്കുമ്പോൾ ചോദിക്കേണ്ട മുഖ്യ ചോദ്യം ഇതാണ്: ഒരു പുതിയ കെട്ടിടം സഭയുടെ മുഖ്യ ഉദ്ദേശം നിറവേറ്റുവാൻ സഹായകരമാകുമോ – ആത്മാക്കളെ രക്ഷിക്കുകയും അവരെ രക്ഷിക്കപ്പെട്ടവരായി നിലനിർത്തുകയും ചെയ്യുമോ?

*"അതിനുപകരമായി എന്തെങ്കിലും ഉണ്ടോ?"* കെട്ടിടത്തിനു വരുന്ന വലിയ പണച്ചെലവു പരിഗണിക്കുമ്പോൾ, സഭാദ്ധ്യക്ഷന്മാർ കഴിയുമെങ്കിൽ മറ്റു മാർഗ്ഗങ്ങൾ തേടാൻ ശ്രമിക്കാം. പലതും പകരമായി പരിഗണിക്കാം: (1) ഇപ്പോഴത്തെയും ഭാവിയിലെയും ആവശ്യങ്ങൾ നിറവേറ്റുവാൻ നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റുകയോ/വലുതാക്കുകയോ ചെയ്യാമോ? (2) ഒന്നിലധികം ആരാധന അവിടെ നടത്തുവാൻ പറ്റുമോ? മിക്ക അംഗങ്ങളും ഈ സാധ്യതകൾ ഇഷ്ടപ്പെടുകയില്ല എന്ന വസ്തുത, സഭാദ്ധ്യക്ഷന്മാർ ഓർമ്മിക്കണം, എന്നാൽ അവർക്ക് വിദ്യാഭ്യാസമുണ്ടെങ്കിൽ ഈ സാധ്യതകൾ അവർ സ്വീകരിക്കും. (3) സ്വന്തമായ കെട്ടിടമില്ലാതെ സഭയ്ക്കു കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ കഴിയുമോ? മിക്ക അംഗങ്ങളും ഇതിനു, "ഇല്ല," എന്ന മറുപടിയായിരിക്കും പറയുക, ചില സാഹചര്യങ്ങളിൽ ഇതു സാധ്യമായേക്കാം.

*"കഴിഞ്ഞകാലത്തു സഭ വളർന്നതുകൊണ്ടു ഭാവിയിൽ വളരുമെന്നു നമുക്കു പ്രതീക്ഷിക്കാമോ?"* പുതിയ കെട്ടിടം വന്നാൽ അതുകൊണ്ടു ആരാധനക്കു ആളുകൾ കൂടുമെന്നു തീർച്ചപ്പെടുത്തുവാൻ നമുക്കു സാധ്യമല്ല! സഭയിൽ കഴിഞ്ഞ കാല വളർച്ച തുടരുമോ ഇല്ലയോ എന്നു നിർണ്ണയിക്കുവാൻ, ഭാവിയിൽ സഭക്കും സമൂഹത്തിനും എന്തു സംഭവിക്കുമെന്നതിനെ കുറിച്ചുള്ള വസ്തുതകൾ അറിയുവാനുള്ള ശ്രമം നടത്തണം: (1) ഒരിക്കലും യാഥാർത്ഥ്യമാകാത്ത കാരണങ്ങളാലാണോ സഭ മുൻകാലങ്ങളിൽ വളർന്നതു – ഉദാഹരണത്തിന്, സമൂഹത്തിൽ നിലനില്ക്കാൻ സാധ്യതയില്ലാത്തതും പുതിയ ആളുകളെ ഇനി അതിലേക്കു കൊണ്ടുവരാൻ സാധ്യത ഇല്ലാത്തതുമായ ഒരു വ്യവസായത്തിലേക്ക് ആളുകൾ മാറിയതുകൊണ്ടോ? (2) സമൂഹത്തിലെ ആളുകൾ പ്രായമായി വരികയാണോ? യുവാക്കൾ ജോലിക്കായും മറ്റും ദൂരേക്കു പോകുകയാണോ? (3) ആ പ്രദേശത്തിന്റെ സ്വഭാവം എന്താണ്? സഭ നില്ക്കുന്നത് പുതിയ വീടുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രദേശത്താണോ? സഭ പട്ടണത്തിന്റെ ഉള്ളിലായിട്ടാണോ സ്ഥിതി ചെയ്യുന്നത്?

ഈ എല്ലാ ചോദ്യങ്ങളും, മറ്റു ചോദ്യങ്ങളും, കെട്ടിടം പണിയണോ വേണ്ടയോ എന്ന കാര്യത്തിലും, എത്ര പണം ചെലവഴിക്കണം എന്ന

കാര്യത്തിലും, എന്ത് പണിയണം എവിടെ പണിയണം എന്നതും, തീരുമാനമെടുക്കുമ്പോൾ പരിഗണിക്കേണ്ടവയാണ്. ജെയിംസ് നിക്സ് പറഞ്ഞു, **"**പ്ലാനിന്റെ മറുവശത്തെ കുറിച്ചു ചോദിക്കുക. യഥാർത്ഥമായി ചോദിക്കേണ്ട ചോദ്യങ്ങൾ, 'നാം ഉദ്ദേശിക്കുന്ന രീതിയിൽ വളർച്ച ഉണ്ടായില്ലെങ്കിലോ?'; 'ഉപദേഷ്ടാവു മാറി പോയാലോ?'; 'ഈ ഇടവക എത്ര ഉറപ്പുള്ളതാണ്?' നിങ്ങളുടെ ഇടവകയുടെ ഹാജർനിലയും ധർമ്മശേഖര രേഖയും ശ്രദ്ധിക്കുക.**"**[5]

### "നാം എവിടെ പണിയും?"

പണിയുവാൻ തീരുമാനം എടുത്താൽ, പുതിയ കെട്ടിടം *എവിടെ* പണിയും?

തീർച്ചയായും, മറ്റെല്ലാം യോജിക്കുന്നുവെങ്കിൽ, കെട്ടിടം പണിയുന്നത് ആളുകൾക്കു ദേശിയ പാതയിലേക്കു എളുപ്പം പ്രവേശിക്കാൻ കഴിയുന്ന മുഖ്യ റോഡിന്റെയോ അല്ലെങ്കിൽ റോഡുകളുടേയോ വശത്തായി, വികസിച്ചുകൊണ്ടിരിക്കുന്ന, പൊതുവായ, ഉയർന്ന പ്രദേശത്തായാൽ വളരെ നല്ലത്. (ഭൂമി ക്രയ വിക്രയത്തെ സംബന്ധിച്ചു മൂന്നു മൂല്യങ്ങൾ ഓർമ്മയിൽ വരുന്നു: **"**സ്ഥാനം.സ്ഥാനം.സ്ഥാനം.**"**) എല്ലാ വസ്തുക്കളും എപ്പോഴും തുല്യമായിരിക്കയില്ല എന്നതാണ് പ്രശ്നം. പല അംഗങ്ങളും മാറിപോയ ഒരു ഇടവക കുറഞ്ഞുകൊണ്ടിരിക്കുന്ന അടുത്ത പ്രദേശത്തേക്കു സഭ മാറ്റാമോ? അങ്ങനെ ചെയ്താൽ, ആ അയൽദേശത്ത് ആളുകളെ സേവിക്കുവാൻ ആരും ഉണ്ടാവുകയില്ലേ – പ്രത്യേകിച്ചു, ആരും അവർക്ക് **"ജീവജലം"** നല്കുകയില്ലേ? നേരെ മറിച്ചു, ധാരാളം വിശ്വസ്തരായ അംഗങ്ങളിൽ നിന്ന് കെട്ടിടം വളരെ ദൂരത്താണ്, അവരിൽ പലർക്കും ആ പഴയ കെട്ടിടത്തോടും അതു നില്ക്കുന്ന പ്രദേശത്തോടും ഒരു വൈകാരിക അടുപ്പം ഉണ്ട്, അവരിൽ ചിലർ എവിടെ ജീവിക്കണം എന്നത് പഴയ കെട്ടിടത്തോടുള്ള അടുപ്പത്തെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്തു. എന്നാൽ പോലും ഒരു സഭ കൂടുതൽ യോജിച്ച സ്ഥലത്തേക്കു മാറേണ്ടതുണ്ടോ?

സൈദ്ധാന്തികമായി കെട്ടിടം പണിയേണ്ട നല്ല സ്ഥലം എന്നതിനേക്കാൾ കൂടുതൽ ചോദ്യങ്ങൾ സഭ പരിഗണിക്കണം. *എവിടെ കെട്ടിടം പണിയണം എന്നതിനെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ സഭാദ്ധ്യക്ഷന്മാർ അംഗങ്ങളുടെ ആശയങ്ങൾ പരിഗണിക്കണം.*

### "കെട്ടിടത്തിന്റെ ചെലവു നാം എങ്ങനെ നേരിടും?"

ഒരു സഭ കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുമ്പോൾ ആവശ്യമുള്ള പണം മുഴുവൻ കയ്യിൽ ഉണ്ടായെന്നു വരികയില്ല.[6] അപ്പോൾ പുതിയ കെട്ടിടത്തിനു എങ്ങനെ പണമുണ്ടാക്കും എന്നതായിരിക്കും സഭാദ്ധ്യക്ഷന്മാർ നേരിടുന്ന ചോദ്യം. ഈ കാര്യത്തിൽ, അവർ ഓർക്കേണ്ട മുഖ്യ കാര്യം അവർ (സാധാരണ) ഉയർന്ന സാമ്പത്തിക ജ്ഞാനം ഉള്ളവരല്ല എന്നതാണ്. അവർക്കു നിഷ്പ്പക്ഷവും, നിർദോഷവുമായ ഉപദേശം ലഭിക്കേണ്ടത് (അതിനർത്ഥം അവർ ഉപദേശം സ്വീകരിക്കേണ്ടത് പണം കടം കൊടുക്കുന്നതിൽ താല്പര്യമില്ലാത്തവരിൽ നിന്നാണ്) അവരേക്കാൾ

കൂടുതൽ പണം ഇടപാടിൽ ജ്ഞാനമുള്ളവരിൽ നിന്നു ആയിരിക്കണം. ഒരു *ക്രിസ്ത്യൻ ക്രോണിക്കിൾ* ലേഖനത്തിൽ "സ്ട്രാറ്റെജിസ്റ്റ് ഗിവ്സ് ഹിന്റ്സ് ഫോർ ഡെബ്റ്റ് മാനേജ്മെന്റ്,"[7] എന്ന തലവാചകത്തിൽ, ജെയിംസ് നിക്സ് ഉപദേശിച്ചത്,

a. "ഇടവകക്കു പുറത്തു നിന്നു നിയമപരവും സാമ്പത്തികവുമായ ഉപദേശങ്ങൾ സ്വീകരിക്കുക. എല്ലാ നിയമവശങ്ങളും സാമ്പത്തിക രേഖകളും സഭാംഗങ്ങൾ പരിശോധിക്കണം. ... പണം കടം കൊടുക്കുന്നവരുടെ ഉപദേശം മുൻകരുതലോടെ വേണം സ്വീകരിക്കുവാൻ കാരണം അവർ കൂടുതൽ പണമുണ്ടാക്കുവാൻ ശ്രമിക്കുന്നവരാണ്."

b. നിങ്ങളുടെ പഴയ വസ്തുവിന്റെ മാർക്കറ്റു വിലയെ സംബന്ധിച്ചു യാഥാർത്ഥ്യബോധം ഉള്ളവരാകുക. വില നിശ്ചയിക്കൽ പലപ്പോഴും നാണ്യപ്പെരുപ്പം ഉണ്ടാക്കുന്നതാണ്. വസ്തു വില്ക്കുവാൻ പോകുന്നുവെങ്കിൽ വാസ്തവത്തിൽ എന്തു വിലയ്ക്കാണ് വില്ക്കുവാൻ പോകുന്നത് എന്നതാണ് യഥാർത്ഥ ചോദ്യം. ... പഴയതു വില്ക്കുന്നതിനു മുൻപു പുതിയ കെട്ടിടത്തിനുവേണ്ടി കടം എടുക്കുന്നതു സാഹസം തന്നെയാണ്. ..."

c. "ഉയർന്ന അടവു വരുന്ന കടത്തിൽ ചെന്നു വീഴുന്നതു ഒഴിവാക്കണം. ഊതി വീർപ്പിക്കുന്ന അടവുകൾ ഉള്ള കടമെടുപ്പു നിങ്ങൾക്കു കൊടുത്തു തീർക്കുവാൻ പറ്റാത്ത ബാധ്യതയായി മാറും. ..."

d. "പ്രോജക്റ്റിന്റെ മുകളിൽ തന്നെ ആയിരിക്കുക. സാമ്പത്തിക കമ്മിറ്റിയുടെ അന്വേഷണത്തിൽ നിന്നു അദ്ധ്യക്ഷന്മാർ മാറി നില്ക്കരുത്. എല്ലാ വിവരങ്ങളും ഒരു പ്രത്യേകമായ പോയിന്റിൽ വിലയിരുത്തുവാനും പരിശോധിക്കുവാനുമുള്ള നടപടി രൂപീകരിക്കയും, ഉവ്വ് അല്ലെങ്കിൽ ഇല്ല എന്ന തീരുമാനം എടുക്കുകയും വേണം. പ്രോജക്ട് പ്രയോജനകരമല്ല എന്നു പരിശോധനയാൽ തെളിഞ്ഞാൽ ആ പ്രോജക്ട് നിർത്തലാക്കുവാൻ മനസ്സുവെക്കണം. ..."

e. "പഴയ കടം തീർക്കുന്നതിനോ അല്ലെങ്കിൽ പുതിയ കെട്ടിടം പണിയുന്നതിനോ ധാരാളം സാമ്പത്തിക വഴികൾ പരിഗണിക്കണം."

### "ഏതു തരത്തിലുള്ള കെട്ടിടമാണ് പണിയേണ്ടത്?"

ഏതു തരത്തിലുള്ള കെട്ടിടമാണ് പണിയേണ്ടതു എന്ന ചോദ്യവും സഭാദ്ധ്യക്ഷന്മാർ ചോദിക്കണം. കഴിഞ്ഞ കാലങ്ങളിൽ ഈ ചോദ്യത്തിനു വലിയ പ്രാധാന്യം കൊടുത്തതായി കാണുന്നില്ല. മിക്ക സഭാ മന്ദിരങ്ങൾക്കും വലിയ ആഡിറ്റോറിയങ്ങളുണ്ട്, പക്ഷെ മറ്റു കാര്യങ്ങളിൽ ഒട്ടും ശ്രദ്ധ കൊടുക്കാറില്ല. പുറത്തുനിന്നു നോക്കിയാൽ, കെട്ടിടങ്ങൾ, ഞാൻ എവിടെയോ കേട്ടതായ ഒരു പ്രയോഗം ഉപയോഗിക്കുമ്പോൾ, "പുരാതന സമ്മിശ്രണ" രീതിയിലുള്ള വാസ്തുവിദ്യ പ്രകാരമുള്ളതായി തോന്നും.

കുറഞ്ഞത് കെട്ടിടം പണിയുവാനായി അഞ്ചു പ്രത്യേകതകൾ പരി ഗണിക്കേണ്ടതുണ്ട്.

**കഴിവ്**

തീർച്ചയായും, ഒരു സഭ കെട്ടിടം പണിയുന്നത് അതിനു കഴിവുള്ള രീതിയിൽ ആയിരിക്കണം. ഒരു കെട്ടിടത്തിനായി ചെലവിടുമ്പോൾ അതു പരിഗണിക്കേണ്ട മറ്റു പലതിനെയും പരിമിതപ്പെടുത്തിയേക്കാം. ഉദാഹ രണത്തിനു, മൂപ്പന്മാർ ഗൃഹവിചാരണയെ സംബന്ധിച്ചു ചിന്തിക്കണം: "കർത്താവിന്റെ പണം" എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം?[8] ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കേണ്ട ഉത്തരവാദിത്വവും അവർ പരിഗണിക്കണം. ഒരു ഇടവക തങ്ങൾക്ക് ചെലവാക്കുവാൻ കഴിയുന്ന തിൽ കുറച്ചു മാത്രം കെട്ടിടത്തിനായി നീക്കിവെച്ചാൽ ബാക്കിവരുന്ന കൂടുതൽ തുക മിഷ്ണറി പ്രവർത്തനങ്ങൾക്കായി ചെലവിടാം.

**വലുപ്പം**

ആഡിറ്റോറിയം മതിയായത്ര വലുപ്പത്തിലും, ക്ലാസ് മുറികൾ ആഡി റ്റോറിയത്തിൽ കൊള്ളുന്ന അത്രയും പേരെ ഉൾക്കൊള്ളിക്കുന്ന വിധ ത്തിലുള്ളതാകണം. അതിനുപുറമെ, ഓഫീസിനും, സാധനങ്ങൾ സൂക്ഷി ക്കുന്നതിനും, മറ്റുമായി ധാരാളം സ്ഥല സൗകര്യം ഉണ്ടാകണം. ...

*ബാലൻസ്* എന്ന തന്റെ പുസ്തകത്തിൽ ഇറാ നോർത്ത് നല്ല ഉപ ദേശം നല്കുന്നുണ്ട്. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുമ്പോൾ ആളുകൾ നിറഞ്ഞിരിക്കുവോളം ഉണ്ടെങ്കിലേ പുതിയ സഭാ മന്ദിരം പണി യാവൂ എന്ന് അയാൾ സൂചിപ്പിക്കുന്നു. അങ്ങനെ പുതിയ കെട്ടിടം സഭയുടെ വളർച്ചക്ക് മനശാസ്ത്രപരമായി തളർച്ചയുണ്ടാക്കാതെ[9], മന ശാസ്ത്രപരമായി വളർച്ചയിൽ അഭിവൃദ്ധിയുണ്ടാക്കുന്നു.

**പ്രയോജനത്വം, പ്രായോഗികത്വം, അല്ലെങ്കിൽ ഉപയോഗത്വം**

കെട്ടിടം രൂപപ്പെടുത്തേണ്ടത് അതിന്റെ ഉദ്ദേശങ്ങൾ നിറവേറ്റുന്നതി നായിരിക്കണം. (1) പാട്ടു പാടുന്നതു ആഡിറ്റോറിയത്തിലാകയാൽ, ഉദാ ഹരണത്തിനു, അത് രൂപപ്പെടുത്തേണ്ടത് ആ വിധത്തിലാകണം, ഇടവക ഒന്നായി പാടുമ്പോൾ ശബ്ദം ഏറ്റവും നല്ല രീതിയിൽ കേൾക്കേണ്ടതി നുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. (2) പ്രസംഗം നടത്തുന്നതു ആഡിറ്റോറിയത്തിൽ ആകയാൽ, അത് രൂപപ്പെടുത്തേണ്ടത് ആ വിധ ത്തിലാകണം, ഉപദേഷ്ടാവിന് ദൃശ്യസഹായങ്ങൾ കൂടെ ലഭ്യമാകും വിധ ത്തിൽ അത് ഏർപ്പെടുത്തണം. (3) ക്ലാസ് റൂമുകളിൽ പഠിപ്പിക്കേണ്ടതു കൊണ്ടു, ആ വിധത്തിലായിരിക്കണം അവ രൂപപ്പെടുത്തേണ്ടത്. അതി നായി, വിദ്യാഭ്യാസത്തെ കുറിച്ചു അറിയാവുന്നവരെ അതിൽ ഉൾപ്പെടു ത്തുന്നതു നല്ല ആശയമായിരിക്കും - പ്രത്യേകിച്ചു ബൈബിൾ ക്ലാസു കളെ കുറിച്ച് - അറിവുള്ളവർ വേണം ക്ലാസു മുറികൾ രൂപപ്പെടു ത്തുന്നതിൽ സഹായിക്കുവാൻ. (4) ക്ലാസുകൾ ആഡിറ്റോറിയത്തിൽ വച്ചു നടത്തുകയാണെങ്കിൽ, ആരാധന കഴിഞ്ഞാലുടനെ ക്ലാസ് മുറിക ളായി തിരിക്കാവുന്ന രീതിയിൽ വേണം അതു രൂപപ്പെടുത്തുവാൻ.

(5) ഇടവകയിലെ അംഗങ്ങൾ ഒരുമിച്ചു ഇരുന്നു ആഹാരം കഴിക്കുക യാണെങ്കിൽ, അത്തരം കൂട്ടായ്മക്ക് സഹായകമാകും വിധത്തിൽ കെട്ടിടം രൂപപ്പെടുത്തണം. (6) കൊച്ചു കുട്ടികളുള്ളവർ ആരാധനക്കു വരണമെന്നു സഭ ആഗ്രഹിക്കുന്നുവെങ്കിൽ, കുട്ടികളെ നോക്കുവാൻ പ്രത്യേക സൗകര്യം അവിടെ ഏർപ്പെടുത്തണം. (7) എല്ലാവരും ഒന്നിച്ചുള്ള സന്ദർശനം പ്രബോധിപ്പിക്കേണ്ടതിന്, ഹാളോ മറ്റോ ഉണ്ടാ കുകയാണെങ്കിൽ ആളുകൾക്കു നിന്നു സംസാരിക്കുവാൻ പറ്റുന്ന രീതി യിൽ അത് വലുതായിരിക്കണം.

**സൗന്ദര്യം**

ഉപയോഗം അത്യാവശ്യമാണ്, എന്നാൽ മനോഹാരിതത്വവും പ്രധാ നമാണ്. ചുരുക്കി പറഞ്ഞാൽ, കെട്ടിടം ദൈവത്തിനു സ്വീകാര്യമാകേ ണ്ടതിനു, വിരൂപമാകരുത്. കഴിവതും പ്രായോഗികമായി, കെട്ടിടം മനോ ഹരമാക്കുവാൻ ശ്രമിക്കണം. കെട്ടിടത്തിന്റെ പുറമെ മനോഹരവും പ്രകൃ തിദൃശ്യവുമാകണം. അതുപോലെ, കെട്ടിടത്തിനകം കഴിയുന്നതും ആകർഷണീയവും നല്ല രീതിയിൽ ഒരുക്കിയതുമാകണം. അവസാനത്തെ ജോലിയായ കെട്ടിടത്തിന്റെ നിറം തിരഞ്ഞെടുക്കുന്നത് ഒരുപക്ഷെ സഭാ ദ്ധ്യക്ഷന്മാർ ഒഴിച്ചു മറ്റുള്ളവർക്കു ചെയ്യാവുന്നതാണ്. ഇതിനു ഒരുപക്ഷെ ആത്മാർത്ഥതയും കഴിവുമുള്ള സ്ത്രീകളെ ഉപയോഗിക്കാവുന്നതാണ്.

**സംസ്ക്കാര യോജിപ്പു**

ആ പ്രദേശത്തിന്റെ സംസ്ക്കാരത്തിനു യോജിച്ചതാകണം കെട്ടിടം. പട്ടണത്തിൽ പണിയുന്ന കെട്ടിടം നാട്ടിൻ പുറത്തിനു യോജിക്കുകയില്ല. ഏറ്റവും പ്രധാനം, അമേരിക്കയിൽ പണിയുന്ന കെട്ടിടം മറ്റു രാജ്യങ്ങ ളിൽ അനുയോജ്യമായിരിക്കയില്ല. അതുകൊണ്ടു മിഷ്ണറിമാർ അമേ രിക്കൻ രീതിയിലുള്ള കെട്ടിടങ്ങൾ അങ്ങനെ തന്നെ മറ്റു രാജ്യങ്ങളിൽ പണിയുവാൻ ശ്രമിക്കരുത്.

**"സഭ എങ്ങനെ കെട്ടിടം ഉപയോഗിക്കും?"**

സഭാമന്ദിരങ്ങൾ എങ്ങനെ ഉപയോഗിക്കുകയും സംരക്ഷിക്കയും വേണം എന്നതിനെ കുറിച്ചും ചോദ്യങ്ങൾ ഉയരും. പൊതുവിൽ, സഭയ്ക്കു ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്ന ദൗത്യങ്ങൾ നിർവ്വഹി ക്കുവാനുള്ള സഹായമായിട്ടുവേണം സഭാ മന്ദിരത്തെ കാണുവാൻ. അവ ചുരുക്കമായി പറഞ്ഞാൽ, സുവിശേഷീകരണം, ആത്മികവർദ്ധന, ആരാ ധന, ധർമ്മോപകാരം എന്നിവയാണ്. സഭയുടെ സൗകര്യങ്ങൾ ഈ ഉദ്ദേ ശങ്ങൾക്കല്ലാതെ മറ്റുദ്ദേശങ്ങൾക്കു ഉപയോഗിക്കരുത്.

എങ്ങനെയായാലും, അതിനർത്ഥം ആരാധനാസ്ഥലത്തു ആഹാരം കഴിക്കരുത് എന്നല്ല. ഭക്ഷണം കഴിക്കൽ അതിൽ തന്നെ അവസാനിക്കു ന്നില്ല; അതു അവസാനത്തിനുള്ള ഒരു മാർഗ്ഗമാണ്. "കൂട്ടായ്മ മേശ" അവസാനിക്കുന്നത് ആത്മിക വർദ്ധനയിലാണ് (ചിലപ്പോൾ സുവിശേ ഷീകരണത്തിലും).

സഭാമന്ദിരം മറ്റു കാര്യങ്ങൾക്കു ഉപയോഗിക്കുന്നതിനെ കുറിച്ചു വിഷ

മകരമായ ചോദ്യങ്ങൾ ഉയർന്നേക്കാം. ഇതിനെ സംബന്ധിച്ചു രണ്ടു നിർദ്ദേശങ്ങൾ നമുക്കു പറയാം: (1) എല്ലായ്പ്പോഴും ചോദിക്കേണ്ട പ്രധാനപ്പെട്ട ചോദ്യം: "അവസാനം ആഗ്രഹിക്കുന്നത് എന്ത്?" ആ പ്രവൃത്തിക്കു ആത്മിക ഉദ്ദേശം ഇല്ലെങ്കിൽ, അല്ലെങ്കിൽ ദൈവം ചെയ്യുവാൻ പറഞ്ഞ ദൗത്യത്തിനു സഹായകരമല്ലെങ്കിൽ, അതു ചെയ്യരുത്. (2) സഭാ മന്ദിരം ഒരാവശ്യമല്ല, അതൊരു സൗകര്യപ്രദമായ കാര്യമാണ് എന്നോർക്കണം. അതുകൊണ്ടു, അതിനെ സംബന്ധിച്ചു സാധൂകരിക്കുന്ന നിയമാവലികൾക്കായി ശ്രമിക്കരുത്.

സഭാമന്ദിരങ്ങൾ നന്നായി സംരക്ഷിക്കേണ്ടതിന്റെ കാരണങ്ങളെ സംബന്ധിച്ചും ചോദ്യങ്ങൾ ഉയരാം. ഉദാഹരണത്തിനു, ചിലർ, സഭാമന്ദിരം "വിശുദ്ധം" എന്നു കരുതിയേക്കാം കാരണം അതു "കർത്താവിന്റെ പണം," ഉപയോഗിച്ചു പണിതതാണ് അതിനാൽ, "വിശുദ്ധ സ്ഥലത്ത്" നാം ശാന്തരും ആദരവുള്ളവരും ആയിരിക്കണം. അത്തരം ചിന്തയെ നാം പ്രതിരോധിക്കണം. "സഭാ മന്ദിരം" ഒരു "വിശുദ്ധ സ്ഥലത്തിനു," തുല്യമോ അതു സമാഗമന കൂടാരത്തിനോ അല്ലെങ്കിൽ ദൈവാലയത്തിനോ തുല്യമല്ല. സമാഗമന കൂടാരവും ദൈവാലയവും സഭയുടെ നിഴൽ മാത്രമായിരുന്നു, അല്ലാതെ സഭാ മന്ദിരത്തിന്റെ അല്ല. സഭയും സഭാ മന്ദിരവും തമ്മിൽ ഒരിക്കലും തെറ്റിദ്ധരിക്കരുത്. സഭ എപ്പോഴും ആളുകളാണ്, അല്ലാതെ ഒരു സ്ഥലം അല്ല.

അതേ സമയം, സഭാ മന്ദിരം സംരക്ഷിക്കേണ്ടതിനു നല്ല കാരണങ്ങൾ ഉണ്ട്. നാം അതിനെ സംരക്ഷിക്കേണ്ടതു ഈ കാരണങ്ങളാലാണ്: (1) അതു നമുക്കുള്ളതാണ് - നമ്മുടെ പണം കൊടുത്തു അതിനെ വാങ്ങിയതാണ്. (2) അതു നമ്മുടെ ആരുടേയും ഒരാളുടേതല്ല - അതായതു, അതു എന്റേതു മാത്രമല്ല. അതു, ഒരർത്ഥത്തിൽ, പൊതുവായ സ്വത്താണ്, നാം പൊതു സ്വത്ത് സംരക്ഷിക്കണം, അല്ലെങ്കിൽ മറ്റുള്ളവരുടെ സമ്പത്തും നോക്കണം. (3) സന്ദർശകർക്കു വീണ്ടും വരുവാൻ ഉത്തേജിപ്പിക്കുന്ന സ്വ - രൂപം ക്രിയാത്മകമായി പ്രദർശിപ്പിക്കുവാൻ കെട്ടിടം വൃത്തിയായി സംരക്ഷിക്കണം.

## ഉപസംഹാരം

പുതിയ കെട്ടിടം പണിതതുകൊണ്ട് വളർച്ചയിൽ എല്ലാ സഭയും പരാജയപ്പെട്ടുവെന്നോ അല്ലെങ്കിൽ അതിന്റെ ഫലമായി സാമ്പത്തിക ബുദ്ധിമുട്ടിലായി എന്നോ വിചാരിക്കരുത്. "സഭാ മന്ദിര പ്രക്രിയ" യിൽ ഊന്നിയ കാലയളവിൽ കെട്ടിടങ്ങൾ പണിത പല സഭകളും അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്.

ഒരിക്കലും സഭാ മന്ദിരങ്ങൾ പണിയരുത് എന്നു പറയുവാനല്ല ഇതെഴുതിയത്, പിന്നെയോ പണിയുന്നവർ ശരിയായ ഉദ്ദേശത്തോടെ പണിയുന്നതിനുമുൻപു ശരിയായ ചോദ്യങ്ങൾ ചോദിച്ചിട്ടു തുടങ്ങണം എന്നു മാത്രം. പണിയുവാൻ ഒരിക്കൽ തീരുമാനം എടുത്താൽ, പിന്നെ സഭാദ്ധ്യക്ഷന്മാർ, അതു "ശരിയായി ചെയ്യണം." ഒരു പുതിയ കെട്ടിടം വാസ്തവത്തിൽ ആവശ്യമാണെങ്കിൽ, അതു നന്നായി രൂപകല്പന ചെയ്തു, ശരിയായി ഉപയോഗിക്കയും ചെയ്താൽ, അതു സഭയ്ക്കു ദൈവം

നല്കിയ ദൗത്യ നിർവ്വഹണത്തിനുള്ള നല്ല ഒരു ഉപകരണമായി തീരും.

---

കുറിപ്പുകൾ

[1]"കോൺസ്റ്റൻറ്റൈനിന്റെ കാലം വരെ സഭാ മന്ദിരങ്ങൾ പണിതതായി നാം കാണുന്നില്ല. ഒരുമിച്ചു കൂടുവാൻ ലഭ്യമായ ഏതൊരു സ്ഥലവും ക്രിസ്തീയ സഭായോഗമായി ഉപയോഗിച്ചിരുന്നു." എവെററ്റ് ഫെർഗൂസൺ, *ഏർലി ക്രിസ്റ്റ്യൻസ് സ്പീക്ക്* (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ളിഷിങ്ങ് കമ്പനി., 1971), 76. [2]ഇറാ നോർത്ത് ഈ പ്രശ്നത്തെ പറയുന്നതു "ഓവർ ബിൽട്ട് ആന്റ് അണ്ടർ യൂസ്ഡ്," എന്നതിലാണ് *ബാലൻസ്* (നാഷ്‌വില്ലേ, ടെന്നസി.: ഗോസ്പെൽ അഡ്വൊക്കേറ്റ് കമ്പനി, 1983), 41. [3]ജോയ് എൽ. മെക്മില്ലൻ ആന്റ് ആർ. സ്കോട്ട് ലമസ്ക്കസ്, "ടൂ ചർച്ചസ് സേ ഇറ്റ് വാസ് എ മിസ്റ്റേക്ക്," *ക്രിസ്റ്റ്യൻ ക്രോണിക്കിൾ* 45 (നവംബർ 1989): 1, 6; "ഫിനാൻഷ്യൽ പെറിൽസ് സാപ് ചർച്ചു വൈറ്റാലിറ്റി," *ക്രിസ്റ്റ്യൻ ക്രോണിക്കിൾ* 46 (ജനുവരി 1988): 1, 6; "ചർച്ചസ് ഫൈന്റ് സക്സസ്ഫുൾ ഡെറ്റ്, മിനിസ്ട്രി ബാലൻസ്," *ക്രിസ്റ്റ്യൻ ക്രോണിക്കിൾ* 46 (മാർച്ച് 1989), 1, 6. [4]ദ കൊക്കൊ കോളാ കമ്പനി, ഉദാഹരണത്തിനു, ഒരു പുതിയ കോക്ക് വിപണിയിലിറക്കിയത്, "പഴയ" കോക്ക് ആണ് ആളുകൾ ഇഷ്ടപ്പെട്ടിരുന്നതു എന്നു തിരിച്ചറിയുവാൻ മാത്രമായിരുന്നു. അതുകൊണ്ട്, പഴയ കോക്കു പുതിയ പേരായ "ദി കൊക്കൊ-കോളാ-ക്ലാസിക്," എന്ന പേരിൽ വില്പന തുടർന്നു എന്നാൽ കമ്പനി ഇറക്കിയ "പുതിയ" കോക്കിന്റെ വില മാത്രം രഹസ്യമായിരുന്നു, എന്നാൽ അതിപ്പോഴും വിൽക്കുന്നു. [5]ഉദ്ധരിച്ചത് ജോയ് എൽ. മെക്മില്ലൻ ആന്റ് ആർ. സ്ക്കോട്ട് ലമസ്ക്കസ്, "ചർച്ചസ് ഫൈന്റ് സക്സസ്ഫുൾ ഡെറ്റ്, മിനിസ്ട്രി ബാലൻസ്," *ക്രിസ്റ്റ്യൻ ക്രോണിക്കിൾ* 46 (മാർച്ച്, 1989):6. [6]ഇതാണ് നിയമം. ഒരു കെട്ടിട നിർമ്മാണത്തിനായി പണം ശേഖരിക്കുന്നവർ പുതിയ കെട്ടിടം പണിയുവാൻ തുടങ്ങുമ്പോൾ അല്ലെങ്കിൽ വിലക്കു വാങ്ങുവാൻ ശ്രമിക്കുമ്പോൾ വിചാരിച്ചതിനേക്കാൾ വേഗത്തിൽ അതിന്റെ വില ഏറിയിരിക്കുന്നതായി കാണാം. എങ്ങനെയായാലും, ചില സ്ഥലത്തു ഒഴികഴിവുകൾ കണ്ടേക്കാം. ഉദാഹരണത്തിനു, ചില സഭകൾ, പ്രത്യേക ധർമ്മശേഖരം നടത്തുകയും അതു പണിയുന്നതിനു മുമ്പു (അതിനു വേണ്ട പണത്തിൽ ഭൂരിഭാഗവും കൊടുത്ത്) വാങ്ങുകയും ചെയ്യും. [7]ഉദ്ധരിച്ചത് ജോയ് എൽ. മെക്മില്ലൻ ആന്റ് ആർ. സ്ക്കോട്ട് ലമസ്ക്കസിന്റെ "ചർച്ചസ് ഫൈന്റ് സക്സസ്ഫുൾ ഡെറ്റ്, മിനിസ്ട്രി ബാലൻസ്," *ക്രിസ്റ്റ്യൻ ക്രോണിക്കിൾ*, 46 (മാർച്ച്, 1989): 6. [8]കൂടാതെ അവർ "ബുദ്ധിശൂന്യമായി പണം ഉപയോഗിക്കുന്നത്" - പിന്നീടു തങ്ങളെ വേട്ടയാടുന്ന രീതിയിൽ ചിലവുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുക തന്നെ വേണം. [9]നോർത്ത്, 42-44.

© 2009 Truth for Today